വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ,

(എ) ഉണ്ട്.

(ബി) ജില്ലകളിൽ സബ്ജൂനിയർ, ജൂനിയർ വിഭാഗങ്ങളിലും സംസ്ഥാന തലത്തിൽ സബ്ജൂനിയർ, ജൂനിയർ, യൂത്ത് വിഭാഗങ്ങളിലും മത്സരങ്ങൾ സംഘടിപ്പിക്കുകയും വിവിധ സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി മിനിഗെയിംസ് എന്നിവ നടത്തിവരുന്നു. ഈ മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്ന കളിക്കാർക്ക് ക്യാഷ് അവാർഡ് നൽകുകയും മികവ് തെളിയിക്കുന്ന കായിക പ്രതിഭകൾക്ക് കേരളാ സ്പോർട്സ് കൗൺസിൽ നടത്തുന്ന സ്പോർട്സ് ഹോസ്റ്റലുകളിൽ പ്രവേശനത്തിന് മുൻഗണന നൽകുകയും ചെയ്യുന്നു.

(സി) സ്കൂൾ, കോളേജ് തലത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരളാ സ്പോർട്സ് കൗൺസിലും വിദ്യാഭ്യാസ വകുപ്പും ചില പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

കായിക നേട്ടങ്ങളുണ്ടാക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാൻ നടപടി

*2 [795] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ:
,, സി. മോയിൻകുട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലത്തിൽ കായികനേട്ടങ്ങളുണ്ടാക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാൻ സംസ്ഥാനത്ത് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) സ്പോർട്സ് സ്കൂളുകളിൽ ചേർന്നിട്ടില്ലാത്ത ഭാവി വാഗ്ദാനങ്ങളായ താരങ്ങളെ കണ്ടെത്താൻ കായിക വകുപ്പിനുള്ള സംവിധാനമെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന് പുറത്തോ, അന്തർദേശീയ നിലവാരമുള്ള കായിക പ്രതിഭകൾക്കൊപ്പമോ വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുന്നതിന് പദ്ധതികളുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അക്കാര്യം വിശദമാക്കാമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ,

(എ) സ്കൂൾതലത്തിൽ കായികനേട്ടങ്ങൾ ഉണ്ടാക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാൻ കേരളാ സ്പോർട്സ് കൗൺസിൽ കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും നടത്തുന്നു. ഈ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധ പരിശീലനത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ആധുനിക പരിശീലനം ലഭിച്ച പരിശീലകരേയും ആധുനിക കായിക ഉപകരണങ്ങളും നൽകിവരുന്നു. കൂടാതെ വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 129 സ്കൂളുകൾ സ്പെഷ്യൽ കോച്ചിംഗ് സെന്ററുകളായി തെരഞ്ഞെടുത്ത് പ്രസ്തുത സ്കൂളുകളിലെ കായിക നേട്ടങ്ങളുണ്ടാക്കുന്ന കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നു. ജില്ലാ കോച്ചിംഗ് ക്യാമ്പ്, സമ്മർ കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിച്ചും പരിശീലനം നൽകുന്നുണ്ട്. സബ്ജില്ലാ, ജില്ലാ, സോണൽ മത്സരങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളെ തെരഞ്ഞെടുത്ത് തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിൽ 8-ാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നൽകി വിദഗ്ദ്ധ പരിശീലനം നൽകുന്നു.

(ബി) സ്പോർട്സ് സ്കൂളുകളിൽ ചേർന്നിട്ടില്ലാത്ത ഭാവി വാഗ്ദാനങ്ങളായ താരങ്ങളെ കണ്ടെത്താൻ കേരളാ സ്പോർട്സ് കൗൺസിലും സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളും വിദ്യാർത്ഥികൾക്കുവേണ്ടി ജില്ലാ സംസ്ഥാന തലങ്ങളിൽ വിവിധ കായിക മത്സരങ്ങൾ . സംഘടിപ്പിക്കുകയും അതിൽ മികവ് കാട്ടുന്ന കായിക താരങ്ങളെ കേരളാ സ്പോർട്സ് കൗൺസിൽ നേരിട്ട് നടത്തുന്ന കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളിലും പ്രവേശനം നൽകി വിദഗ്ദ്ധ കായിക പരിശീലനം നൽകിവരുകയും ചെയ്യുന്നു.

(സി, ഡി) ഉണ്ട്. ഇത്തരത്തിലുള്ള വിദഗ്ദ്ധ പരിശീലനത്തിന് ആവശ്യം ഉണ്ടാകുന്നതിനനുസരിച്ച് സ്പോർട്സ് കൗൺസിൽ ധനസഹായം നൽകിവരുന്നുണ്ട്. സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

ശ്രീ. പി. കെ. കെ. ബാവ: സർ, കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായം ഇക്കാര്യത്തിൽ പല സംസ്ഥാനങ്ങൾക്കും വളരെ ഉദാരമായി ലഭിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം ഈ സാമ്പത്തിക സഹായം വേണ്ടരീതിയിൽ ലഭ്യമാകുന്നില്ല എന്നൊരു പരിഭവം പൊതുവെ നമ്മുടെ പ്രതിഭകൾക്കിടയിലുണ്ട്. അത് പരിഹരിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ രംഗത്ത് കേന്ദ്രത്തിൽനിന്ന് സംസ്ഥാന സർക്കാർ എത്രത്തോളം സാമ്പത്തിക സഹായം വാങ്ങിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. സുധാകരൻ: കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം എന്നു പറയുന്നത് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റിന് വേണ്ടിയുള്ളതാണ്. കഴിഞ്ഞ കാലങ്ങളിൽ കേരളത്തിൽ സെൻട്രൽ ഗവൺമെന്റിന്റെ ഇത്തരം ഫിനാൻഷ്യൽ എയ്ഡുകൾ വളരെ പരിമിതമായ രീതിയിലേ നമുക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളൂ. ഈ വർഷം അത് പരമാവധി പ്രയോജനപ്പെടുത്താനുള്ള വിവിധങ്ങളായ പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചിട്ടുണ്ട്. അറുപത്തിമൂന്നോളം സ്കൂളുകളിൽ ഗ്രൗണ്ടുകൾ ഉണ്ടാക്കാനുള്ള പ്രൊപ്പോസലുകൾ ഇത്തവണ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. അതുപോലെ മലയോരപ്രദേശത്ത് 75-ഉം, അല്ലാത്ത പ്രദേശങ്ങളിൽ 50-ഉം മാച്ചിംഗ് ഫണ്ട് ഉപയോഗിക്കാനുള്ള പരമാവധി പ്രൊപ്പോസലുകൾ ഇക്കുറി സെൻട്രൽ ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കെ. ബാവ: സ്പോർട്സ് കൗൺസിലും വിദ്യാഭ്യാസ വകുപ്പും തയ്യാറാക്കുന്ന പദ്ധതികൾ രണ്ടും വ്യത്യസ്തമായ വഴികളിലൂടെ സഞ്ചരിക്കുന്നു എന്നുള്ള ഒരു തോന്നലാണുള്ളത്. ഇത് രണ്ടും ഏകോപിപ്പിച്ച് വളരെ സജീവ മാക്കുന്നതിനും ഈ രംഗത്തേയ്ക്ക് കൂടുതൽ പ്രതിഭകളെ കണ്ടെത്തുന്നതിനും ആവശ്യമായിട്ടുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുമോ?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ഒരു പരിധിവരെ യാഥാർത്ഥ്യമാണ്. കാരണം വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്പോർട്സ് വിഭാഗവും സംസ്ഥാന ഗവൺമെന്റിന്റെ സ്പോർട്സ് വകുപ്പും തമ്മിൽ പരസ്പര പൂരകമായിട്ടല്ല ഇവിടെ പ്രവർത്തിക്കുന്നത് എന്നത് യാഥാർത്ഥ്യമാണ്. അത് പരമാവധി സമന്വയിപ്പി ക്കാനുള്ള നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. ഒരു ഔപചാരികമായ ചർച്ചയ്ക്ക് വേദിയൊരുക്കാൻ ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഒരുമിച്ച് പോകാനും നീങ്ങാനും സാധിക്കുമെങ്കിൽ കേരളത്തിൽ ഒരുപാട് മുന്നോട്ടു പോകാൻ കഴിയുന്നതാണ്. വരാൻപോകുന്ന നിയമസഭയിൽതന്നെ അവതരിപ്പിക്കാൻ പോകുന്ന സ്പോർട്സ് ബില്ലിൽ ഏറ്റവും പ്രഥമ ഗണനീയമായി സ്കൂൾ സ്പോർട്സിന് പരിഗണന നൽകുന്നു എന്നതുകൊണ്ട് തന്നെ സ്കൂൾ സ്പോർട്സും സ്പോർട്സ് വകുപ്പും സംയുക്തമായി നീങ്ങേണ്ടത് ആവശ്യമാണ്. അത് പ്രത്യേകമായി ഗവൺമെന്റ് പരിഗണിക്കും.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: സർ, ഇന്ത്യയിലെ സ്പോർട്സ് താരങ്ങളെ ഉയർത്തി കൊണ്ടുവരുവാനും അവർക്ക് വേണ്ട പരിശീലനം നൽകുവാനും ഇന്ത്യാ രാജ്യത്ത് രൂപീകൃതമായ കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള സംഘടനയാണ് Sports Authority of India (SAI) എന്നുപറയുന്നത്. SAI എന്ന സംഘടനയ്ക്ക് മുമ്പിൽ നമ്മുടെ സംസ്ഥാനത്ത് സിന്തറ്റിക് ട്രാക്കും അതുപോലെ ആധുനിക കായിക വിദ്യാഭ്യാസം നടത്താനുള്ള പ്രൊപ്പോസലുകളോ സ്കീമുകളോ ഗവൺമെന്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമർപ്പിക്കാനുള്ള വിഷമമെന്താണ്? ഈയിടെ SAI-യുടെ ഉദ്യോഗസ്ഥൻമാരുമായി ഞാൻ സംസാരിച്ചപ്പോൾ നിങ്ങളുടെ ഗവൺമെന്റ് ഒന്നും തന്നിട്ടില്ല എന്ന് എന്നോട് പറയുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ചോദിക്കുന്നത്, ബഹുമാനപ്പെട്ട മന്ത്രി SAI-യുടെ മുമ്പിൽ എന്തെങ്കിലും സ്കീമിനായി അപേക്ഷ നൽകിയിട്ടുണ്ടോ?

ശ്രീ. കെ. സുധാകരൻ: നൂറ് ശതമാനവും SAI-യുടെ സാമ്പത്തിക സഹായമുള്ള പ്രോജക്ടുകളൊന്നും ഇന്ന് നിലവിലില്ല. SAI-യുടെ ആറോളം ട്രെയിനിംഗ് സെന്ററുകൾ കേരളത്തിലുണ്ട്. തലശ്ശേരി മുതൽ കൊല്ലം വരെയുള്ള സ്ഥലങ്ങളിൽ വിവിധ സ്പോർട്സ് വിഭാഗങ്ങൾക്ക് പരിശീലനം നൽകുന്ന ജിംനാസ്റ്റിക്സ്, ബോക്സിംഗ്, അത്ലറ്റിക്സ്, നീന്തൽ പോലെയുള്ള വിവിധ ഇനങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള SAI-യുടെ ട്രെയിനിംഗ് സെന്ററുകൾ കേരളത്തിലുണ്ട്. ആ സെന്ററിന്റെ സേവനങ്ങൾ കേരളത്തിന്റെ സ്പോർട്സ് വികസനരംഗത്ത് പരമാവധി ഉപയോഗപ്പെടുത്തുവാൻ ഗവൺമെന്റ് SAI സെന്ററുകളുമായി സംയുക്തമായി സഹകരിച്ച് നടപടിക്രമങ്ങൾ കൈക്കൊള്ളുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, എന്റെ ചോദ്യം എന്തെങ്കിലും സ്കീമുകളോ എന്തെങ്കിലും പദ്ധതികളോ SAI-ക്ക് സമർപ്പിച്ചിട്ടുണ്ടോ എന്നാണ്?

ശ്രീ. കെ. സുധാകരൻ: അത്തരം പദ്ധതികൾ SAI-യുടെ മുമ്പിൽ സമർപ്പിക്കുന്നതുകൊണ്ട് ഗുണമില്ല. അങ്ങനെ സെപ്പറേറ്റായ ഒരു സ്കീമിന് വേണ്ടിയുള്ള സാമ്പത്തിക സഹായം SAI-യുടെ ഭാഗത്ത് ഇന്ന് നിലവിലില്ല എന്നതുകൊണ്ട് തന്നെ അത്തരം പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല. കേരളത്തിലുള്ള അവരുടെ സെന്ററുകളുടെ സേവനം പരമാവധി ഈ രംഗത്ത് ലഭ്യമാക്കാനും അത് ഉപയോഗിക്കാനുമുള്ള നടപടിക്രമങ്ങളുമായി ഗവൺമെന്റ് മുമ്പോട്ടുപോകുന്നു.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, മാച്ചിംഗ് ഗ്രാന്റ് ഉപയോഗിച്ച് സംസ്ഥാന ഗവൺമെന്റും SAI-യും കൂടി രൂപീകരിച്ചിട്ടുള്ള വിവിധ സ്റ്റേഡിയങ്ങൾ മറ്റ് കായിക പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയവ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഉണ്ട്. അങ്ങേയ്ക്ക് വേണമെങ്കിൽ പരിശോധിക്കാം. നമ്മുടെ സംസ്ഥാനത്ത് ഒരു സ്റ്റേഡിയം പോലും ഇല്ലാത്ത മലപ്പുറം ജില്ലയടക്കമുള്ള പ്രദേശങ്ങളിൽ മാച്ചിംഗ് ഗ്രാന്റ് കൊടുത്തുകൊണ്ട് ആധുനിക സ്റ്റേഡിയങ്ങൾ നിർമ്മിക്കുവാൻ SAI-ക്ക് അപേക്ഷ കൊടുക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: മാച്ചിംഗ് ഫണ്ട് എന്നുപറയുന്നത് SAI-യുടേതല്ല. സെൻട്രൽ ഗവൺമെന്റിന്റെ ഫണ്ടാണ്. നേരത്തെ ബഹുമാനപ്പെട്ട ബാവയുടെ ചോദ്യത്തിന് ഉത്തരം ഞാൻ പറഞ്ഞു. മാച്ചിംഗ് ഫണ്ട് പരമാവധി ഇക്കുറി ഉപയോഗിക്കാനുള്ള പ്രൊപ്പോസലുകൾ ഞങ്ങൾ സെൻട്രൽ ഗവൺമെൻറിന്റെ മുമ്പിൽ വച്ചിട്ടുണ്ട്. സ്പോർട്സിന് ലക്ഷക്കണക്കിന് ആരാധകരുള്ള മലപ്പുറം ജില്ലയിൽ ഒരു നല്ല സ്റ്റേഡിയമില്ല അല്ലെങ്കിൽ മറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ഇല്ല എന്നുള്ളത് യാഥാർത്ഥ്യവും അത് ഈ സംസ്ഥാനത്തിന്റെ ഒരു കുറവുമാണ്. അത് പരിഗണിച്ചുകൊണ്ട് കഴിഞ്ഞ ദിവസം മലപ്പുറം മുനിസിപ്പൽ ചെയർപേഴ്സണും ബഹുമാനപ്പെട്ട മന്ത്രി മുനീറും ഒക്കെ കൂടിയിരുന്ന് വലിയ ഒരു പദ്ധതിക്ക് രൂപം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ എം.എൽ.എ.-മാരുടേയും മൂന്ന് എം.പി.മാരുടേയും വികസന ഫണ്ടായി ഒരു കോടി രൂപ സമാഹരിക്കാനും മാച്ചിംഗ് ഫണ്ട് ഒന്നര കോടി രൂപ വാങ്ങാനും അങ്ങനെ രണ്ടര കോടിയുടെ പ്രോജക്ട് നടപ്പിലാക്കാനുള്ള തീരുമാനം താത്വികമായി രണ്ട് ദിവസം മുമ്പ് ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകും.

ശ്രീ. പി. കെ. അബ്ദുറബ്ബ്: ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾക്കൊക്കെ അവരുടെ പ്രവർത്തനം നല്ല നിലയിൽ നടത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. അവർക്ക് സ്വന്തമായി സ്ഥലമില്ല; കെട്ടിടമില്ല, അതിനാവശ്യമായ ഉപകരണങ്ങളില്ല. സംസ്ഥാനാടിസ്ഥാനത്തിൽ അതിന്റെ ഒരു സ്റ്റാറ്റിസ്റ്റിക്സ് എടുത്തുകൊണ്ട് ഇത്തരം ക്ലബ്ബുകളെ പുനരുദ്ധരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടി സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: ഗ്രാമീണ രംഗത്തുള്ള സ്വകാര്യ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകണമെങ്കിൽ അത്തരം ക്ലബ്ബുകൾ സ്പോർട്സ് കൗൺസിലുകളിൽ രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ ആയിരിക്കണം. സ്പോർട്സ് കൗൺസിലുകളിൽ രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായവും സ്പോർട്സ് കിറ്റുകളും അതുപോലുള്ള മറ്റ് സഹായങ്ങളും ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് നൽകാറുണ്ട്. ഈ വർഷവും പരമാവധി ക്ലബ്ബുകൾക്ക് സഹായധനവും സ്പോർട്സ് കിറ്റുകളും ഗവൺമെന്റ് വിതരണം ചെയ്തിട്ടുണ്ട്. പക്ഷേ അതിന് അർഹത വേണമെങ്കിൽ അത്തരം ക്ലബ്ബുകൾ സ്പോട്സ് കൗൺസിലുകളിൽ ചേരേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ സർക്കാരിന് അത്തരം ക്ലബ്ബുകളെ സഹായിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, നമ്മുടെ സ്കൂളുകളിൽ 9-ാംക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന കുട്ടികൾ സംസ്ഥാന ദേശീയ മൽസരങ്ങളിൽ പങ്കെടുത്താൽ അവർക്ക് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. 9-ാം ക്ലാസിൽ പഠിക്കുന്ന ആ കുട്ടികൾ 9-ാംക്ലാസ്സിൽ പഠിക്കുമ്പോൾ ഈ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുകയും 10-ാംക്ലാസ്സിൽ പഠിക്കുമ്പോൾ മൽസരിക്കാതിരിക്കുകയും ചെയ്യുമ്പോൾ 10-ാംക്ലാസ്സിലെ പരീക്ഷയ്ക്കുള്ള ഗ്രേസ് മാർക്ക് ലഭിക്കുന്നില്ല; 10-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ മാത്രമേ ലഭിക്കുന്നുള്ളൂ. അത് വാസ്തവത്തിൽ ഒരു വലിയ അപാകതയായി കാണുന്നു. 9-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ കളിച്ച കുട്ടികൾക്കുകൂടി ഈ ആനുകൂല്യം ലഭ്യമാക്കാൻ നടപടി ഉണ്ടാകുമോ?

ശ്രീ. കെ. സുധാകരൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് സ്വാഗതാർഹമായ ഒരു നിർദ്ദേശമാണ്. ഗവൺമെന്റ് അത് പരിഗണിക്കും.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ കായിക രംഗത്ത് പല പ്രോത്സാഹനങ്ങളും ഗവൺമെന്റ് നൽകുന്നുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. ആ പ്രോത്സാഹനങ്ങൾകൊണ്ട് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ സർക്കാർ വിലയിരുത്തുന്നുണ്ടോ? അതുപോലെതന്നെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കായിക താരങ്ങൾക്ക് മുമ്പ് റിസർവേഷൻ ഉണ്ടായിരുന്നു. അത് ഇപ്പോഴില്ല എന്നാണ് മനസ്സിലാക്കിയിരിക്കുന്നത്.....

മി. സ്പീക്കർ: രണ്ടു ചോദ്യം ഒന്നിച്ച് ചോദിക്കുകയാണല്ലേ? ആകെ രണ്ട് ചോദ്യം ചോദിക്കാം. അത് രണ്ടും കൂടി ഒന്നിച്ചു ചോദിക്കുകയാണ്.

ശ്രീ. കെ. സുധാകരൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രകാരം, പ്രോത്സാഹനം കൊണ്ട് ഒരുപാട് റിസൽട്ട് ഉണ്ടാക്കാൻ നമ്മുടെ സംസ്ഥാനത്ത് സാധിച്ചിട്ടുണ്ട്. ഈ കഴിഞ്ഞ നാഷണൽ മീറ്റിൽ 76 കുട്ടികൾ, ഇതുപോലെ സ്പോർട്സ് കൗൺസിലിന്റേയും ഗവൺമെന്റിന്റേയും സഹായത്താൽ പരിശീലനം സിദ്ധിച്ച്, അവരെ പ്രോത്സാഹിപ്പിച്ചു കൊണ്ടുവന്ന് സ്പോർട്സ് ഹോസ്റ്റലുകളിൽ പ്രവേശനം നേടിയ കുട്ടികളിൽ 76 പേർ നാഷണൽ മീറ്റിൽ പങ്കെടുത്തിട്ടുണ്ട്. അതുപോലെതന്നെ ഇന്റർ യൂണിവേഴ്സിറ്റി തലത്തിൽ 92 വിദ്യാർത്ഥികൾക്ക് പങ്കെടുക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ആൺകുട്ടിയും ഒരു പെൺകുട്ടിയും ഇന്ത്യയെ റെപ്രസന്റ് ചെയ്തുകൊണ്ട് ജൂനിയർ ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ ഇതിനകം പങ്കെടുത്തിട്ടുണ്ട്. സ്കൂൾ തലത്തിലാണെങ്കിൽ 72 കുട്ടികൾ നാഷണൽ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത കുട്ടികളാണ്. വളരെ മികവു തെളിയിച്ച കുട്ടികളാണ്. അതിൽ രണ്ടു കുട്ടികളെ ഇന്ത്യയുടെ ഏഷ്യ ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് മൽസരത്തിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ മാത്രം പ്രാപ്തരാക്കാൻ നമുക്കുസാധിച്ചിട്ടുണ്ട്. നല്ല റിസൽട്ടാണ്. സ്വാഭാവികമായി ഈ രംഗത്ത് പ്രോത്സാഹനം കൊടുക്കുന്നതനുസരിച്ച് നല്ല റിസൽട്ട് കുട്ടികളിൽ നിന്നുണ്ട്. പക്ഷേ നമ്മുടെ പരിശീലനത്തിലെല്ലാം പരിമിതിയുണ്ട്. ആ പരിമിതി ലംഘിച്ചുകൊണ്ട് പൂർണ്ണതയിൽ എത്തിക്കാനുള്ള തീവ്രശ്രമത്തിലാണ് ഗവൺമെന്റ്.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: സർ, വളരാൻ ആഗ്രഹിക്കുന്ന പല കായിക പ്രതിഭകൾക്കും സ്പോർട്സ് കിറ്റ് വാങ്ങിക്കാൻ സാധിക്കാത്ത സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് സ്പോർട്സ് രംഗത്തുനിന്നും അവർ പിൻമാറുകയോ അതിന് നിർബന്ധിതരാവുകയോ ചെയ്യുന്നുണ്ട്. അതിന് ഗവൺമെന്റിന്റെ പക്കൽ എന്തെങ്കിലും പദ്ധതികളുണ്ടോ, ഒന്നു വിശദീകരിക്കാമോ?

ശ്രീ. കെ. സുധാകരൻ: സർ, നമ്മൾ പലപ്പോഴും മുമ്പൊക്കെ പരിശീലനകളരികൾ സ്കൂളുകളിൽ തുറക്കാറുണ്ടായിരുന്നെങ്കിലും അവർക്ക് പരിശീലനത്തിനുള്ള സ്പോർട്സ് കിറ്റ് നൽകുന്ന പദ്ധതികൾ സംസ്ഥാനത്ത് ഇതുവരെ ഉണ്ടായിട്ടില്ല. ആദ്യമായി ഈ വർഷം 32 സ്കൂളുകളിലെ ഹോസ്റ്റലുകളിൽ 26 ലക്ഷം രൂപയുടെ കായിക ഉപകരണങ്ങൾ ഈ വർഷംതന്നെ വിതരണം ചെയ്തിട്ടുണ്ട്. അടുത്ത വർഷം മുതൽ അത് കൂടുതൽ വിപുലീകരിക്കുവാനുള്ള നടപടിക്രമങ്ങൾ ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നു. ഇത് ആദ്യത്തെ ഒരു സംരംഭമാണ്. സാധാരണഗതിയിൽ കുട്ടികൾക്ക് കായികരംഗത്ത് ഇത്തരം ഉപകരണങ്ങൾ സംഘടിപ്പിക്കാൻ സാധിക്കാത്തതുകൊണ്ട് പരിശീലനം നിർത്തിപ്പോയ ഒരുപാട് കുട്ടികളുണ്ട് നമ്മുടെ മുമ്പിൽ. അവർക്ക് ഈ പദ്ധതി ഒരു വലിയ അനുഗ്രഹമാണ്. സ്പോർട്സ് കിറ്റ് വാങ്ങാൻ സാധിക്കാത്തതുകൊണ്ട് മത്സരരംഗത്തു നിന്ന് വിദ്യാർത്ഥികൾ പിൻമാറാതിരിക്കാനുള്ള സാഹചര്യം ഗവൺമെന്റ് വേഗം ഉണ്ടാക്കും.

ശ്രീ. ടി. പി. എം. സാഹിർ: സർ, സ്കൂൾ സ്പോർട്സ് സംഘടിപ്പിക്കുമ്പോൾ വേണ്ടത്ര മുൻകരുതലുകൾ ഇല്ലാതാവുകയും ഉച്ചവരെ അറ്റന്റൻസ് ഇല്ലാതെ തുടങ്ങാത്ത അവസ്ഥ വരെ ഉണ്ടായിട്ടുള്ളതുകൊണ്ടും എല്ലാ ഡിസിപ്ലിനിലും വേണ്ടത്ര കോച്ചുകൾ ഇല്ലാത്തതുകൊണ്ട് ചില ഡിസിപ്ലിൻ ക്യാൻസൽ ചെയ്ത് ഐറ്റംസ് പൂർത്തീകരിക്കാത്ത രീതിയുമുണ്ട്. അത് ഇനിയും സംഭവിക്കാതിരിക്കാൻ അങ്ങ് ശ്രമിക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് നമുക്ക് പരിശോധിക്കാവുന്ന കാര്യമാണ്. കോച്ചസിന്റെ അഭാവംകൊണ്ട് പരിശീലനത്തിൽ ചില സന്ദർഭങ്ങളിൽ ഇത്തരം സംഭവങ്ങളുണ്ടാകാം. പക്ഷേ വളരെ കർശനമായി സൂപ്പർവിഷൻ നടത്തുവാനുള്ള സംവിധാനം ഇന്ന് ഉണ്ടാക്കിയിട്ടുണ്ട്. സ്പോർട്സ്

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലിന്റെ ഉന്നതർ നേരിട്ട് സ്ഥലങ്ങൾ സന്ദർശിക്കുകയും പരിശോധിക്കുകയും സഡൻ ഇൻസ്പെക്ഷൻ ഒക്കെ നടത്തുകയും ചെയ്യുന്നതുവഴി ഇന്ന് പരിശീലനത്തിന് വലിയ തടസ്സമില്ലാതെ പോകുന്നു എന്നാണ് റിപ്പോർട്ട്. അതല്ല, എന്തെങ്കിലും അപാകത ഉണ്ടോ എന്ന് ബഹുമാനപ്പെട്ട അംഗം പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ടി. പി. എം. സാഹിർ: സർ, വോളിബാൾ നമ്മുടെ കേരളത്തിൽമാത്രം ഒതുങ്ങിനിൽക്കുന്ന ഒരുകളിയല്ല. പക്ഷേ കേരളത്തിൽ ഇന്നു വളരെ പ്രഗൽഭർ സ്കൂൾ തലത്തിലും ഉണ്ടായിട്ടുണ്ട്. പക്ഷേ അടുത്തകാലത്ത് വോളിബാളിന്റെ സ്ഥിതി വളരെ മോശമായി. ഇപ്പോൾ സ്റ്റേറ്റ് തലത്തിൽതന്നെ സ്പോർട്സ് ഗ്രാമങ്ങളിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. പയ്യോളിയിലായിരുന്നു കഴിഞ്ഞ മത്സരം സംഘടിപ്പിക്കാൻ ശ്രമിച്ചത്. അതുതന്നെ നടന്നുമില്ല. അപ്പോൾ വോളിബാൾ കോച്ചസ് ഉണ്ടാകുന്നതിനുള്ള ശ്രമം അങ്ങ് നടത്തുമോ?

ശ്രീ. കെ. സുധാകരൻ: സർ, വോളിബാളിനെ പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒന്നുരണ്ടു പദ്ധതികളൊക്കെ ആവശ്യമാണ്. ബഹുമാനപ്പെട്ട അംഗം രാമകൃഷ്ണന്റെ നിയോജകമണ്ഡലത്തിൽ വോളിബാളിന് ഒരു അക്കാദമി ആരംഭിക്കാനുള്ള തീരുമാനം ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. അതിനുള്ള നിർദ്ദേശങ്ങളും നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. പരമാവധി വോളിബാളിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഗവൺമെന്റിന്റെ പക്ഷത്തുണ്ട്.

ശ്രീ. സി. മോയിൻകുട്ടി: സർ, എസ്. ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾ വളരെ തിളക്കമുള്ള പ്രകടനങ്ങളാണ് ഇത്തവണത്തെ മത്സരങ്ങളിലൊക്കെ കാഴ്ച വച്ചിട്ടുള്ളത്. ഇതു പരിഗണിച്ചുകൊണ്ട് അവരുടെ സാഹചര്യമെന്നുപറയുന്നത്, ഭൗതിക സാഹചര്യങ്ങൾ വളരെയേറെ പരിമിതമാണ്; സാമ്പത്തിക പ്രയാസങ്ങളുമുണ്ട്. ഇതൊക്കെ കണക്കിലെടുത്ത് ഇവർക്ക് സൗജന്യ കിറ്റ് അനുവദിക്കുക, ഇവരുടെ പരിശീലനം ഉറപ്പുവരുത്തുക, തുടങ്ങിയ കാര്യങ്ങളിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്? മറ്റ് ആരോടും മാറ്റുരയ്ക്കാവുന്ന തരത്തിൽ ഏറ്റവും തിളക്കമുള്ള പ്രകടനം കാഴ്ചവച്ച ഈ കുട്ടികളെ പ്രത്യേകം പരിഗണിച്ച് അവർക്ക് സൗജന്യ കിറ്റ് നൽകുന്നതിനും മറ്റു സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: സർ, സാമൂഹ്യ പിന്നോക്കാവസ്ഥ കാരണം സ്പോർട്സ് രംഗത്ത് ആർക്കും സന്ദർഭം നിഷേധിക്കുന്നില്ല എന്ന യാഥാർത്ഥ്യം ബഹുമാനപ്പെട്ട അംഗത്തെ ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. കായികരംഗത്ത് ശേഷിയുണ്ടെങ്കിൽ അത് ആരായാലും, ഏത് വിഭാഗത്തിൽപ്പെട്ടവരായാലും പ്രോത്സാഹിപ്പിക്കുന്നതിനുള്ള എല്ലാ സഹായങ്ങളും സന്ദർഭങ്ങളും ഗവൺമെന്റ് ഒരുക്കുന്നുണ്ട്. അത് എല്ലാ ആളുകൾക്കും തടസ്സമില്ലാതെ ലഭിക്കാനുള്ള നടപടിക്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻകുട്ടി: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അവർക്ക് എല്ലാ പ്രോത്സാഹനങ്ങളും ചെയ്യും, അവർ ഒരിക്കലും പിൻതള്ളപ്പെടുകയില്ല എന്ന്. തീർച്ചയായും സ്വാഗതാർഹമാണ്. പക്ഷേ എന്റെ ചോദ്യം, അവരുടെ സൗജന്യത്തിന് എന്തൊക്കെ പ്രത്യേകതകളാണ് ഗവൺമെന്റ് പരിഗണിക്കപ്പെടുന്നത്. കിറ്റ് നൽകുമോ, മറ്റ് സൗകര്യങ്ങൾ നൽകുമോ, അവരുടെ സാമ്പത്തിക ദുരിതമൊക്കെ കണക്കിലെടുക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. സുധാകരൻ: സർ, അവർക്ക് പ്രത്യേകം നൽകിയിരിക്കുന്ന സ്കൂൾ ഹോസ്റ്റലുകൾ മുഖാന്തിരം സ്പോർട്സ് കിറ്റുകളും മറ്റെല്ലാ ആനുകൂല്യങ്ങളും ഗവൺമെന്റ് നൽകും. അതിനുള്ള പദ്ധതി സർക്കാരിന് നിലവിലുണ്ട്. അതിന് യാതൊരു തടസ്സവും ഉണ്ടാവുകയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സ്കൂൾ കായിക മേളകളിൽ പങ്കെടുത്ത് പ്രതിഭ തെളിയിക്കുന്ന കായിക പ്രതിഭകളെ കണ്ടെത്തിക്കഴിഞ്ഞാൽ അവർക്ക് സ്പോർട്സ് ഹോസ്റ്റലുകളിൽ പ്രവേശനം കൊടുത്താൽ മാത്രമേ അവരുടെ കായിക പ്രതിഭ വളർത്തിയെടുക്കാൻ കഴിയൂ. വളരെ പാവപ്പെട്ട വീടുകളിലെ കുട്ടികളാണ് ഇത്തരത്തിൽ കഴിവു തെളിയിക്കുന്നത്. അതുകൊണ്ടുതന്നെ ഈ സ്പോർട്സ് ഹോസ്റ്റലിൽ ഭക്ഷണം ഒരു പ്രധാന പ്രശ്നമാണ്. സ്പോർട്സ് ഹോസ്റ്റലുകളിൽ കിട്ടുന്ന ഇന്നത്തെ ഭക്ഷണത്തിന്റെ രീതി എന്താണ്? പല ഹോസ്റ്റലുകളിലും ആവശ്യത്തിന് ഭക്ഷണമില്ല. കാരണം നമ്മൾ കഴിക്കുന്നതുപോലെയുള്ള ഭക്ഷണം കൊടുത്താൽപോര. കുറച്ച് പോഷക മൂല്യമുള്ള ഭക്ഷണം കൊടുക്കണം. അങ്ങനെ കലോറിയുള്ള ഭക്ഷണം കൊടുക്കുന്നതിനുള്ള സ്കീം ഉണ്ടോ? ഇന്നത്തെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, ഇന്ന് നിലവിൽ സ്പോർട്സ് ഹോസ്റ്റലിലെ കുട്ടികൾക്ക് 45 രൂപ നിരക്കിൽ ഭക്ഷണം നൽകുന്നുണ്ട്. അത് തീർത്തും പര്യാപ്തമാണെന്ന അഭിപ്രായം ഞങ്ങൾക്കില്ല. ഇതുതന്നെ പല ഘട്ടങ്ങളിലായി വർദ്ധിപ്പിച്ചതാണ്. ഇനിയും വർദ്ധിപ്പിക്കണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. സാമ്പത്തിക സാഹചര്യം അനുകൂലമാണെങ്കിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതു പോലെ സമ്പുഷ്ടമായ ഭക്ഷണം നൽകാനുള്ള നടപടിക്രമങ്ങൾ സർക്കാർ കൈക്കൊള്ളും. പിന്നെ ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചത്, ഇതിന് ഒരു പുതിയ പ്രോജക്ട് ഗവൺമെന്റ് കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുണ്ടെന്നാണ്. തിരുവനന്തപുരം ജില്ലയിൽ അത് നടപ്പിലാക്കുന്നതാണ്. ആദ്യമായി തിരുവനന്തപുരം ജില്ലയിലെ 100 സ്കൂളുകളിൽ അഞ്ചാംക്ലാസ് കഴിഞ്ഞ 15 കുട്ടികളെവീതം തെരഞ്ഞെടുത്ത് അവർക്ക് ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ട് പ്രോത്സാഹനവും, ഭക്ഷണവും നൽകാനുള്ള പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നു. അതിന്റെ ഔപചാരിക ഉദ്ഘാടനവും നടത്തിപ്പും പൂർണ്ണമാക്കാനും അത് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രാവർത്തികമാക്കാനുമാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അധികാര വികേന്ദ്രീകരണത്തിന്റെ കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകളിലും, ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും പ്രതിഭകളെ കണ്ടെത്താനുള്ള സന്ദർഭം അവർക്ക് നൽകി കൊണ്ടാണ് ഗവൺമെന്റ് ഈ പുതിയ നടപടികളുമായി മുന്നോട്ടു പോകുന്നത്.

ശ്രീ. വി. ബാലറാം: നമ്മുടെ സ്പോർട്സ് രംഗത്ത് നല്ല കോച്ചുകളുടെ അഭാവമാണ് പലപ്പോഴും പ്രധാനമായിട്ട് കാണുന്നത്. കോച്ചുകൾക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ല എന്നുള്ള പരാതി വ്യാപകമായിട്ടുണ്ട്. അതുകൊണ്ട് ഈ കോച്ചുകൾക്ക് പ്രത്യേകമായിട്ടുള്ള പരിശീലനം കൊടുക്കുകയും സ്കൂളുകളിൽ താല്പര്യമുള്ള കുട്ടികൾക്ക് മുഴുവൻ പരിശീലനം കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുമോ; അതുപോലെതന്നെ സ്പോർട്സിൽ കളരിപ്പയറ്റ്, ഖോ ഖോ, കരാട്ടെ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അതുംകൂടി നമ്മുടെ നാട്ടിൽ വളരെയധികം പ്രാധാന്യമുള്ളതാണ്. കബഡി തുടങ്ങിയ കാര്യങ്ങൾകൂടി ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ അതുപോലെതന്നെ സ്പോർട്സ് പരിശീലനത്തിന് കോച്ചുകളുടെ കാര്യത്തിൽ പ്രത്യേക താല്പര്യം എടുക്കാൻ മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: സർ, കോച്ചുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഒരു പഴയ കഥയാണ്. ഇന്ന് കോച്ചുകളുടെ പരിശീലനത്തിന് വളരെയധികം ശ്രദ്ധ ഗവൺമെന്റ് പതിപ്പിക്കുന്നുണ്ട്. അവർക്ക് ഇൻസർവ്വീസ് കോഴ്സുകളുണ്ട്. ഇപ്പോൾ തിരുവനന്തപുരത്ത് ഞാൻ നേരത്തെ സൂചിപ്പിച്ച സ്കൂളുകളുടെ പരിശീലനത്തിന് 70 അദ്ധ്യാപകൻമാരുടെ സ്പെഷ്യൽ കോച്ചിംഗ് ഇന്നലെ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. 15 ദിവസത്തേയ്ക്കുള്ള കോച്ചിംഗാണിത്. അതുപോലെ ഡിപ്പാർട്ടുമെന്റിനകത്തുതന്നെ പരിശീലനം നൽകാനുള്ള സംവിധാനങ്ങളുണ്ട്. എല്ലാ വർഷവും കോച്ചുകളുടെ പ്രവർത്തനം evaluate ചെയ്യുന്നുണ്ട്. അവർ പരിശീലിപ്പിക്കുന്ന സമ്പ്രദായത്തെകുറിച്ച് പരിശോധിക്കാനുള്ള സംവിധാനം ഇന്നുണ്ട്. 10-12-ഓളം കോച്ചുകൾ ഇന്ന് സസ്പെൻഷനിലാണ്. സമയത്ത് വരാതിരിക്കുക, സമയത്ത് പരിശീലനം കൊടുക്കാതിരിക്കുക അങ്ങനെ കൃത്യവിലോപം കാണിക്കുന്ന കോച്ചുമാർക്കെതിരെ കർശനമായ ശിക്ഷണനടപടികൾ കൈക്കൊണ്ടുകൊണ്ട് കോച്ചിംഗ് രംഗത്ത് കുറ്റമറ്റ രീതിയിലുള്ള ഒരു നടപടിക്രമം ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്.

ശ്രീ. ഉമേഷ് ചള്ളിയിൽ: സർ, പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്ത് സ്കൂൾ തലത്തിൽ +2 ആരംഭിച്ചപ്പോൾ കോളേജ് തലത്തിലുള്ള അദ്ധ്യാപകൻമാർ അവിടെത്തന്നെ നിലകൊള്ളുകയും എന്നാൽ +2 തലത്തിലേയ്ക്ക് പുതിയ കായിക അദ്ധ്യാപകൻമാരെ നിയമിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥമൂലം സ്കൂൾ തലത്തിൽ കായിക വിദ്യാർത്ഥികൾക്ക് കാര്യമായിട്ടുള്ള പരിശീലനം ലഭിക്കുന്നില്ല എന്ന് വ്യാപകമായ പരാതിയുണ്ട്. കോളേജ് തലത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ സ്പോർട്സ് രംഗത്തേയ്ക്ക് കടന്നുവരുന്നത് പ്രീ-ഡിഗ്രി തലത്തിലുള്ള വിദ്യാർത്ഥികളാണ്. അവിടെ മുമ്പുണ്ടായിരുന്ന അദ്ധ്യാപകൻമാർ അവിടെ നിലകൊള്ളുകയുമാണ്. ഇത് പരിഹരിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പോർട്സ് കായികാദ്ധ്യാപകൻമാർ വേണമെന്നാണ് സ്പോർട്സ് വകുപ്പിന്റെ ആഗ്രഹം. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി ക്യാബിനറ്റിനുമുമ്പാകെ ഒരു നോട്ട് സമർപ്പിക്കുകയുണ്ടായി. എല്ലാ ആളുകൾക്കും അത് സമ്മതമാണ്. കായിക രംഗത്ത് നേട്ടമുണ്ടാക്കാൻ എല്ലാ സ്കൂളുകളിലും എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളിലും കായിക അദ്ധ്യാപകർ വേണമെന്ന തത്വത്തോട് ആർക്കും വിയോജിപ്പില്ല. എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപകന്മാർക്ക് നിയമനം നടത്തുമ്പോൾ ഉണ്ടാകാവുന്ന, പെട്ടെന്നുണ്ടാകാവുന്ന സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ ഗവൺമെന്റിന് ഇപ്പോൾ സാധിക്കുകയില്ലായെന്നുള്ളതുകൊണ്ട് തൽക്കാലത്തേയ്ക്ക് മാറ്റി വച്ചിരിക്കുന്നു. സമീപഭാവിയിൽ ആ തീരുമാനം കൈക്കൊള്ളാൻ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുമെന്ന് ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം: സർ, നമ്മുടെ സംസ്ഥാനത്തിനുവേണ്ടി സ്വർണ്ണം വിളയിച്ച കായിക താരങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് അതിവേഗം ചേക്കേറി കൊണ്ടിരിക്കുകയാണ്. ശ്രീമതി പി.ടി. ഉഷയുടേയും ശ്രീമതി എം. ഡി. വത്സമ്മയുടെയും ശ്രീമതി അഞ്ജുവിന്റെയും ബോബിയുടെയും അനുഭവം ഇത്തരത്തിലേക്കാണ് എത്തിയിരിക്കുന്നത്. നമ്മുടെ സർക്കാർ-അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ കായിക താരങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയും അതുപോലെതന്നെ സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ കോളേജുകളിലും സ്വകാര്യ മേഖലയിലെ സ്വാശ്രയ കോളേജുകളിലും സ്പോർട്സ് ക്വാട്ട അനുവദിച്ചും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് സ്പോർട്സ് വകുപ്പ് വളരെ ഗൗരവമായി പരിഗണിച്ചുകൊണ്ടിരിക്കുന്ന ഒരു വസ്തുതയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധമായ നോട്ട് കൊടുത്തിട്ടുണ്ട്. മുമ്പ് പൊതുമേഖലകളിൽപ്പോലും സ്പോർട്സ് താരങ്ങൾക്ക് റിസർവേഷൻ ഉണ്ടായിരുന്നു. ഇന്ന് പൊതുമേഖലകളിൽ അത് വിരളമാണ്. അതുകൊണ്ട് വളരെ അപൂർവ്വമായിട്ടേ പൊതുമേഖലയിൽ സ്പോർട്സ് താരങ്ങൾക്ക് ജോലി കിട്ടുന്നുള്ളൂ. അടുത്തകാലത്ത് സ്പോർട്സ് ക്വാട്ടയിൽ നിയമനം കിട്ടിയത് ഇലക്ട്രിസിറ്റി വകുപ്പിൽ മാത്രമാണ്. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നും ഇപ്പോൾ നിയമനത്തിൽ സ്പോർട്സിന്റെ റിസർവേഷൻ നൽകാറില്ല. ബഹുമാനപ്പെട്ട സർക്കാരിന്റെ മുമ്പിൽ ഞങ്ങൾ ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതിനേക്കാൾ കുറച്ചുംകൂടെ മിനിമം ആയി പോലീസ്, ജയിൽ, ഫോറസ്റ്റ്, എക്സൈസ്, ഫയർഫോഴ്സ് എന്നീ ഡിപ്പാർട്ടുമെന്റുകളിലെങ്കിലും സ്പോർട്സ് താരങ്ങൾക്ക് ഒരു നിശ്ചിത ശതമാനം റിസർവേഷൻ വയ്ക്കണമെന്ന ഒരു നിർദ്ദേശം ഗവൺമെന്റിനു മുമ്പിൽ നൽകിയിട്ടുണ്ട്. അത് പരിഗണനയിൽ ഇരിക്കുകയാണ്. അത് പരിഗണിച്ചാൽതന്നെ കേരളത്തിലെ ഒരു വലിയ ശതമാനം സ്പോർട്സ് കായിക താരങ്ങളെ സംസ്ഥാനത്ത് സംരക്ഷിക്കാൻ സാധിക്കും. ഈ ഒഴിച്ചുപോക്ക് നിർത്താൻ സാധിക്കും. നേരത്തെ ഞാൻ സൂചിപ്പിച്ചിട്ടുണ്ട്. ഒരു വർഷം 20 സീറ്റ് സ്പോർട്സ് ക്വാട്ട എന്നത് വർദ്ധിപ്പിച്ച് 40 ആക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി.

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ അസംബ്ലിയിൽ അവതരിപ്പിക്കുകയും സെലക്ട് കമ്മിറ്റി വിവിധ സംസ്ഥാനങ്ങളിലൊക്കെ പോയി തെളിവെടുപ്പു നടത്തിയതുമായ ഒരു ബില്ല് ഈ അസംബ്ലിയുടെ മുമ്പിലുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് catch them early വളരെ ചെറുപ്പത്തിൽ തന്നെ കായിക

LIBRARY ARCHIVES Kerala Legislative Assembly

താരങ്ങളെ കണ്ടുപിടിക്കാനുള്ള ഒരു നിർദ്ദേശമായിട്ടാണ് ആ ബില്ല് വന്നിരിക്കുന്നത്. അതുകൊണ്ട് എനിക്ക് ചോദിക്കാനുള്ളത് പ്രൈമറി തലംമുതൽ ഈ കുട്ടികളെ നേരത്തെ കണ്ടുപിടിക്കുന്നതിനും സ്പോർട്സിൽ വാസനയുള്ള കുട്ടികളെ തെരഞ്ഞെടുക്കുന്നതിനും പറ്റിയ തരത്തിൽ അവിടെ ഫിസിക്കൽ ഇൻസ്ട്രക്റ്റേഴ്സിനെ പ്രൈമറി തലം മുതൽ നിയമിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: സർ, ബഹുമാനപ്പെട്ട ശ്രീ. എ. സി. ഷൺമുഖദാസ് അവതരിപ്പിച്ച സ്പോർട്സ് ബില്ല് ചെറിയ മാറ്റങ്ങളോടുകൂടി ഈ നിയമസഭയിൽതന്നെ അവതരിപ്പിച്ച് പാസ്സാക്കി എടുക്കണമെന്നുണ്ട്. അതിന്റെ ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ എല്ലാ നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് അവസാനത്തെ മിനുക്കു പണിയിലാണ്. എന്തായാലും ഈ നിയമസഭ കഴിയുന്നതിനുമുമ്പുതന്നെ ആ ബില്ല് അവതരിപ്പിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ആ ബില്ല് പ്രാവർത്തികമാക്കാൻ സാധിച്ചാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ തന്നെ catch them early എന്നതാണ് അതിന്റെ അടിസ്ഥാന പ്രമാണം. സ്കൂൾ തലത്തിൽ കുട്ടികളെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരാൻ സാധിക്കുംവിധത്തിലാണ് സ്പോർട്സ് കൗൺസിലിന്റെ യജ്ഞവും. താഴത്തെ യൂണിറ്റ് എന്നുപറയുന്നത് പഞ്ചായത്ത് തലത്തിലാണ്. ഇന്നിപ്പോൾ ജില്ലാ സ്പോർട്സ് കൗൺസിലുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിലിന് താഴെ മറ്റൊരു ഘടകമില്ല. വരാൻ പോകുന്ന നിയമമനുസരിച്ച് പഞ്ചായത്തിലാണ് സ്പോർട്സ് കൗൺസിലിന്റെ ഒടുവിലത്തെ യൂണിറ്റ്. അവിടെ നിന്നും പരിശീലനം ആരംഭിക്കുക എന്നതാണ് പുതിയ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുമാത്രമല്ല, തിരുവനന്തപുരം ജില്ലയിൽ പ്രാവർത്തികമാക്കാൻ പോകുന്ന പദ്ധതിയും ഇതിന്റെ ഭാഗമാണ്. യു.പി.സ്കൂൾ തലത്തിൽ അഞ്ചാം ക്ലാസ് മുതൽ കായികതാരങ്ങളെ കണ്ടുപിടിക്കാനാണ് ശ്രമിക്കുന്നത്. ഏതായാലും ബില്ലിന്റെ പരിപൂർണ്ണതയോടുകൂടി സംസ്ഥാനത്ത് കായിക രംഗത്ത് നല്ല മാറ്റം ഉണ്ടാക്കാൻ സാധിക്കുമെന്ന് എനിക്ക് തോന്നുകയാണ്. ആ ബില്ലിന് തുടക്കം കുറിച്ച രണ്ട് മന്ത്രിമാരേയും ഞാൻ ഈ സന്ദർഭത്തിൽ അനുമോദിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിനന്ദനം ഏതായാലും നന്നായി. ഒരു സ്വകാര്യബില്ല് സ്പോർട്സ് സംബന്ധിച്ച് അവതരിപ്പിച്ചയാളാണ് ഞാൻ. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രഗത്ഭരായ രണ്ട് കായികതാരങ്ങളെപ്പറ്റി ഇവിടെ പറഞ്ഞു. അഞ്ജു ബി. ജോർജ്ജും ബോബി അലോഷ്യസും രാജ്യാന്തര പ്രശസ്തി നേടിക്കൊണ്ടിരിക്കുന്നു. നമ്മളെല്ലാവരും വളരെ ആകാംക്ഷയോടെ ഉറ്റു നോക്കുകയാണ് അവരുടെ റിസൾട്ടുകൾ. കുറച്ചുകൂടി നേരത്തെ വിദഗ്ദ്ധ പരിശീലനം, വിദേശരാജ്യങ്ങളിൽ പോയി ഏറ്റവും നല്ല രീതിയിൽ കിട്ടിയിരുന്നുവെങ്കിൽ ഇതിനേക്കാൾ ഉയർന്നുവരാൻ കഴിയുമായിരുന്നുവെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ ചോദിക്കുന്നത് സ്കൂൾ തലത്തിൽതന്നെ അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട കുറച്ച് കുട്ടികളെ വളരെയേറെ വേണമെന്നല്ല. അഞ്ചോ ആറോ കുട്ടികളെ തെരഞ്ഞെടുത്ത് ഏറ്റവും നല്ല പരിശീലനം കിട്ടാവുന്ന തരത്തിൽ എത്ര ചെലവ് വന്നാലും വഹിച്ചുകൊണ്ട് നമുക്ക് വിദേശത്തയച്ച് നിരന്തരമായ പരിശീലനം അവർക്ക് കൊടുത്താൽ രാജ്യാന്തരമായ രീതിയിൽ അവർ പ്രശസ്തമാകാനും ഉയർന്ന സ്ഥാനങ്ങളിൽ എത്താനും സാധിക്കും. അതിനുള്ള ഒരു പദ്ധതിക്ക് ചെലവ് ഏറിയതാണെങ്കിലും കായിക വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട മന്ത്രി വളരെയേറെ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. ഞാൻ ചോദിക്കുകയാണ് ഇതിനുവേണ്ടി മുൻകൈയെടുക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ: സർ, കായിക രംഗത്ത് സ്വകാര്യബില്ല് അവതരിപ്പിച്ചതിന് ജീവൻ കിട്ടിയില്ലെങ്കിൽപ്പോലും അത് അവതരിപ്പിക്കുകയും അത് ചർച്ചാവിഷയമാക്കുകയും ചെയ്ത ശ്രീ. കെ. പി. രാജേന്ദ്രന്റെ നല്ല മനസ്സിനെ അഭിനന്ദിക്കുന്നു. നിങ്ങൾക്കും നന്ദി പറയുന്നു. വളരെ അർത്ഥവത്തായ കാര്യമാണ് അങ്ങ് സൂചിപ്പിച്ചത്. ഞങ്ങൾ ഒരു പുതിയ സ്കീം ഉണ്ടാക്കിയിട്ടുണ്ട്. 'സ്പോർട്സ് മിനിസ്റ്റർ സ്കീം' എന്നാണ് അതിന്റെ പേര്. ഞങ്ങൾ ഉദ്ദേശിക്കുന്നത്, ആ പ്രോജക്ട് എന്നുപറയുന്നത് ശ്രീ. കെ. പി. രാജേന്ദ്രൻ സൂചിപ്പിച്ചതുപോലെതന്നെ സംസ്ഥാനത്തെ കായിക രംഗത്ത് ഏറ്റവും മികവ് പുലർത്തുന്ന കായിക താരങ്ങളെ തിരുവനന്തപുരത്ത് ഒരു സെൻട്രലൈസ്ഡ് കോച്ചിംഗ് സെന്ററിലാക്കി താമസിപ്പിച്ച് ഭക്ഷണം കൊടുത്ത് പരിശീലിപ്പിക്കുന്ന പദ്ധതിയാണ്. അതിനുവേണ്ടി ആദ്യത്തെ നടപടിയെന്ന നിലയ്ക്ക് തിരുവനന്തപുരത്ത് പാറ്റൂർ ഹൗസിംഗ് കോളനിയുടെ കീഴിലുള്ള പാറ്റൂർ കോളനിയിലെ 24 വീടുകൾ മൂന്ന് ബഡ്റൂമുള്ള 24 ഫ്ളാറ്റുകൾ ഞങ്ങൾ വിലയ്ക്ക് എടുക്കാൻ തീരുമാനിച്ചു. അതിന്റെ നടപടികളൊക്കെ പൂർത്തിയായി. അത് കായിക താരങ്ങളെ അവിടെ കൊണ്ടുവന്ന് താമസിപ്പിക്കാനുള്ളതാണ്. ഹോസ്റ്റൽ സൗകര്യവും തിരുവനന്തപുരത്ത് വേറെയില്ല. കേരളത്തിലെ വളരെ പ്രമുഖരായ താരങ്ങളെ ഒരുമിപ്പിച്ചുകൊണ്ടുവന്നു ഈ കോച്ചിംഗ് നടത്തുമ്പോൾ നമ്മുടെ മനസ്സിൽ എന്നെങ്കിലും പ്രാവർത്തികമാക്കാൻ സാധിക്കുമെന്നുപറയുന്ന ഒരു ഒളിംപിക്സ് മെഡലാണ്. ഇന്ത്യയിലെ പ്രശസ്തരായ കായിക പരിശീലകരെ തിരുവനന്തപുരത്ത് കൊണ്ടുവന്ന് അവർക്ക് പരിശീലനം കൊടുക്കുക എന്നതാണ് ഒന്നാമത്തെ ഘട്ടം. രണ്ടാമത്തെ ഘട്ടമെന്നുപറയുന്നത് വിദേശ കോച്ചുകളെ കൊണ്ടുവന്ന് പരിശീലനം കൊടുക്കുന്നതാണ്. ഒരു ലോംഗ് പ്രോജക്ട് ആണ്. ഒരു അഞ്ചു വർഷം കൊണ്ടെങ്കിലും കേരളത്തിന് ഒരു ഒളിംപിക്സ് മെഡൽ നേടാൻ പ്രാപ്തമാക്കുന്ന രീതിയിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുത്തു. തീരുമാനം എടുത്ത് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. അതിന്റെ മുന്നോടിയായി അവർക്ക് താമസിക്കാൻ ഹോസ്റ്റൽ സൗകര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കി. അടുത്തുതന്നെ കുട്ടികളുടെ സെലക്ഷൻ സംസ്ഥാനത്ത് ഈ രംഗത്ത് നടക്കുമന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഇളംപ്രായത്തിൽ ഒന്ന് രണ്ട് മൂന്ന് വയസ്സുകളുടെ വ്യത്യാസമെന്ന് പറയുന്നത്, കുട്ടികളുടെ കായികക്ഷമതയെ വല്ലാതെ ബാധിക്കുന്ന ഒരു കാലഘട്ടമാണ്. ജൂനിയർ, സബ്ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളിൽ കുട്ടികളെ തരംതിരിക്കുന്നതിന്, ക്ലാസ് അടിസ്ഥാനത്തിലാക്കി മാറ്റുമ്പോൾ ചില ക്ലാസ്സുകളിലൊക്കെ വിദ്യാലയത്തിന്റെ സ്ഥാപിത താല്പര്യം സംരക്ഷിക്കുവാൻ വേണ്ടി കുട്ടികളെ ഒന്നും രണ്ടും മൂന്നും കൊല്ലം വരെ തോൽപിക്കുന്ന ഏർപ്പാടുംകൂടി ഉണ്ടെന്ന പ്രത്യേകമായ സാഹചര്യത്തിൽ, ആ സമ്പ്രദായം മാറ്റി കുട്ടികളെ പ്രായത്തിനനുസൃതമായി തരംതിരിക്കുന്നതിന് സജീവമായി നിർദ്ദേശങ്ങൾ നൽകുമോ?

ശ്രീ. കെ. സുധാകരൻ: സർ, ഇതിൽ ആത്യന്തികമായ തീരുമാനം എടുക്കേണ്ടത് വിദ്യാഭ്യാസ വകുപ്പാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച നിർദ്ദേശം ഇതിനകം തന്നെ വിദ്യാഭ്യാസവകുപ്പിന് സമർപ്പിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ

നല്ല അത്‌ലറ്റുകളെ ഓരോ ക്ലാസ്സിലും 2 വർഷവും 3 വർഷവും ഇരുത്തി ചാമ്പ്യൻഷിപ്പിൽ ചാമ്പ്യൻപട്ടം കരസ്ഥമാക്കുന്ന സ്കൂളുകൾ കേരളത്തിലുണ്ടെന്നുള്ളത് സത്യമാണ്. ആ ആക്ഷേപം നിലവിലുണ്ട്. അത് പരിഗണിച്ചുകൊണ്ട് ഏജ് ബാർ ആയി ജൂനിയർ, സബ്ജൂനിയർ, സീനിയർ എന്ന നിലയിൽ തരംതിരിക്കണമെന്ന് സ്പോർട്സ് വകുപ്പ് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, പയ്യന്നൂരിൽ സ്പോർട്സ് പ്രേമികളായ ആളുകളാണുള്ളത് എന്നതിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഒരു പരിപാടിയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ അങ്ങ്തന്നെ പറഞ്ഞു. പയ്യന്നൂർ മുനിസിപ്പൽ ഹയർ സെക്കണ്ടറി സ്കൂളിനോടനുബന്ധിച്ച് ഒരു സ്പോർട്സ് ഹോസ്റ്റൽ തുടങ്ങണമെന്നുള്ള നിവേദനം അവിടത്തെ ജനങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. അടുത്ത വർഷം തന്നെ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: സർ, പയ്യന്നൂർ സ്പോർട്സ് താരങ്ങളെക്കൊണ്ട് സമ്പന്നമാണ്. ശ്രീ. കെ. സി. വേണുഗോപാലൊക്കെ പയ്യന്നൂരിന്റെ സൃഷ്ടികളാണ്; വോളിബോൾ പ്ലെയർ. ഇപ്പോൾ അവിടെ പഴയ തലമുറയിലെ ഒരുപാട് താരങ്ങളുള്ള പ്രദേശമാണ്. കഴിഞ്ഞ വെറ്ററൻസ് മീറ്റിൽ പഴയ തലമുറയിൽപ്പെട്ട 10-80-ഓളം താരങ്ങൾക്കൊപ്പം ഞാൻ പങ്കെടുക്കുകയുണ്ടായി. സമ്പുഷ്ടമായ ഒരു പാരമ്പര്യം അവകാശപ്പെടാൻ സാധിക്കുന്ന പയ്യന്നൂരിന് ബഹുമാനപ്പെട്ട ശ്രീമതി ടീച്ചർ ആവശ്യപ്പെട്ടതുപ്രകാരം ഒരു സ്പോർട്സ് ഹോസ്റ്റൽ അനുവദിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ സർക്കാർ കൈക്കൊള്ളും.

ശ്രീമതി മാലേത്ത് സരളാദേവി: സർ, സംസ്ഥാന തലത്തിലും ദേശീയ തലത്തിലും വളരെ അപൂർവ്വമായാണ് പെൺകുട്ടികൾ ബോക്സിംഗിൽ പങ്കെടുക്കുന്നതും വിജയം കരസ്ഥമാക്കുന്നതും. എന്റെ നിയോജകമണ്ഡലത്തിലെ മെഴുവേലിയിൽ ബോക്സിംഗിൽ സ്വർണ്ണ മെഡൽ നേടിയ 'നീതു' എന്നുപറയുന്ന ഒരു പെൺകുട്ടിയുണ്ട്. ആ പെൺകുട്ടിക്ക് ബഹുമാനപ്പെട്ട മന്ത്രി എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്യാൻ തയ്യാറാകുമെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. കെ. സുധാകരൻ: സർ, ഈ രംഗത്ത് മികവ് പുലർത്തുന്ന കായിക താരങ്ങൾക്ക് സർക്കാർ കൊടുക്കുന്ന എല്ലാ ആനുകൂല്യങ്ങളും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കായികതാരത്തിനും ലഭിക്കുമെന്ന് ഉറപ്പുനൽകുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ചിട്ടയൊത്ത ചുവടുകളും, പന്തീരാന്റെ മൂളക്കങ്ങളും ശരീരത്തിലേയ്ക്ക് കണ്ണാകുന്ന മനസ്സും, മനസ്സിന്റെ അപ്പുറത്തോളമെത്തുന്ന കണ്ണുകളും കൊണ്ട് കായബലം സൃഷ്ടിക്കുന്ന കളരിയെന്ന കേരളത്തിന്റെ തനതായ, സമ്പന്നമായ, സാംസ്കാരികമായ ആയോധനകലയെ (കളരിപ്പയറ്റിനെ) പ്രോത്സാഹിപ്പിക്കാൻ പ്രൈമറി സ്കൂൾ തലത്തിൽ, ഈ കായികകലയും കൂടി ഉൾപ്പെടുത്താൻ അങ്ങ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, കളരിഗുരുക്കളുടെ പാരമ്പര്യമുള്ള ശ്രീ. കെ.പി.മോഹനന്റെ ചോദ്യം വളരെ പ്രസക്തവും കാലികവുമാണ്. അർഹമായ പ്രാധാന്യവും പ്രാമുഖ്യവും നൽകിക്കൊണ്ട് ഇത് പരിഗണിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബി. ഗണേഷ്കുമാർ: സർ, പ്ലസ്ടു സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞു. ഞാൻ അതിനോട് യോജിക്കുന്ന ആളാണ്. കാരണം, ഒരു സ്കൂളിൽ അദ്ധ്യാപകരെ നിയമിച്ചതുകൊണ്ട് സ്പോർട്സ് നന്നാകുമെന്ന് എനിക്ക് വിശ്വാസമില്ല. പക്ഷേ സ്പോർട്സ് കൗൺസിൽതന്നെ നാലഞ്ച് സ്കൂളുകളെ ഒരുമിച്ച് ചേർത്തുകൊണ്ട് പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി, കോൺട്രാക്റ്റ് വ്യവസ്ഥയിൽ കോച്ചുകളെ നിയമിച്ചുകൊണ്ട് കോച്ചിംഗ് കൊടുക്കുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്താൻ സന്നദ്ധമാകുമോ?

ശ്രീ. കെ. സുധാകരൻ: സർ, പ്ലസ് ടു സ്കൂളുകൾക്കുവേണ്ടി മൂന്നു നാല് സ്കൂളുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കോച്ചിംഗ് എത്രമാത്രം ഫലപ്രദമാകുമെന്ന് എനിക്ക് അറിയില്ല. ഏതായാലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പരിശോധിക്കാം. ഇപ്പോൾ മിക്കവാറും കോച്ചുകളെയൊക്കെ നിശ്ചയിക്കുന്നത് കോൺട്രാക്ട് വ്യവസ്ഥയിലാണ്. അതിൽ പ്രയാസമൊന്നുമില്ല. കോൺട്രാക്ട് വ്യവസ്ഥയിൽ കോച്ചുകളെ ഇനിയും വയ്ക്കും. 4 സ്കൂളുകളെ വച്ചുകൊണ്ട് കോച്ചിംഗ് നടത്തുക എന്നത് പ്രയാസമുള്ള കാര്യമാണ്. ഏതായാലും ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം സർക്കാർ പരിശോധിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽകുമാർ: സർ, ഒട്ടനവധി താരങ്ങളെ ഫുട്ബോൾ രംഗത്ത് സംഭാവന ചെയ്ത ജില്ലയാണ് മലപ്പുറം. സംസ്ഥാന തത്തിലും ദേശീയ തലത്തിലുമൊക്കെ വളരെയധികം താരങ്ങൾ ഇന്നും മലപ്പുറം ജില്ലയിൽ ഉണ്ട്. മലപ്പുറം ജില്ലയിലെ ഫുട്ബോൾ പ്രേമംതന്നെ വളരെ പ്രസിദ്ധമാണ്. എറണാകുളത്തോ കോയമ്പത്തൂരോ കോഴിക്കോട്ടോ ഒരു ഫുട്ബോൾ മത്സരം നടന്നാൽപ്പോലും വിജയിപ്പിക്കുന്നത് മലപ്പുറം ജില്ലയിലെ ഫുട്ബോൾ പ്രേമികളാണ്. ലോകകപ്പ് വന്നപ്പോൾപോലും അതിന്റെ മുഴുവനും ആവേശം ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് മലപ്പുറത്തെ നാട്ടിൻ പുറത്തുകാർ പ്രകടിപ്പിക്കുകയായിരുന്നു. അത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയും ചെയ്തു. അങ്ങനെയുള്ള മലപ്പുറം ജില്ലയിൽ ഒരു സ്റ്റേഡിയമില്ലാത്ത കാര്യം, എത്ര രൂപ വേണമെങ്കിലും ജനപങ്കാളിത്തത്തോടുകൂടി പിരിച്ചെടുത്തുകൊണ്ട് അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്റ്റേഡിയം ഉണ്ടാക്കാൻ മലപ്പുറത്തിനുകഴിയും. അതിന് താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വണ്ടൂർ നിയോജക മണ്ഡലത്തിൽ ശ്രീ. പന്തളം സുധാകരൻ സ്പോർട്സ് മിനിസ്റ്ററായിരുന്ന കാലത്ത് വണ്ടൂർ ആസ്ഥാനമാക്കിക്കൊണ്ട് ഒരു സ്പോർട്സ് ഹോസ്റ്റലും ഒരു സ്പോർട്സ് സ്കൂളും തുടങ്ങുന്ന കാര്യം വളരെ താല്പര്യപൂർവ്വം പരിഗണിച്ചിരുന്നു. മാത്രമല്ല, അതിനു വേണ്ടി 16 ഏക്കറോളം സ്ഥലം വളരെ തുച്ഛമായ വിലയ്ക്ക് ജനങ്ങൾ നൽകുകയും ചെയ്തു. പിന്നീട് വന്ന ഗവൺമെന്റ് അതിന് യാതൊരു താല്പര്യവും കാണിച്ചില്ല. ഈ ഗവൺമെൻറ് എങ്കിലും പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് വണ്ടൂർ ആസ്ഥാനമാക്കി ഫുട്ബോളിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു സ്പോർട്സ് സ്കൂളും സ്പോർട്സ് ഹോസ്റ്റലും തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ: സർ, ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം മേൽപ്പുര യില്ലാത്ത മുറി സജ്ജീകരിക്കുന്നതുപോലെയാണ് കേട്ടത്. മലപ്പുറം ജില്ലയിൽ സ്റ്റേഡിയമില്ലാത്ത വിലാപത്തോടൊപ്പമാണ് വണ്ടൂർ നിയോജകമ്മണ്ഡലത്തിലെ സ്റ്റേഡിയത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുന്നത്. മലപ്പുറം ജില്ലയിലെ എം.എൽ.എ.-മാർ മനസ്സുവച്ചാൽ കണ്ണുപൂട്ടി തുറക്കുമ്പോഴേക്കും അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്റ്റേഡിയമുണ്ടാക്കാൻ ഒരു പ്രയാസവുമില്ല. എം.പി.-മാരും എം.എൽ.എ.-മാരും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് വികസന ഫണ്ടിന്റെ ഒരു ഭാഗം ഇതിന് ഉപയോഗിക്കാൻ സാധിച്ചാൽ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അദ്ദേഹത്തിന്റെ ഫണ്ട് മുഴുവനും സ്റ്റേഡിയത്തിനുവേണ്ടി കൊടുക്കാൻ തീരുമാനി ച്ചിരിക്കുന്നു. അതുപോലെ മലപ്പുറം ജില്ലയിലെ എം.എൽ.എ.-മാർ ഒരുമിച്ച് ചിന്തിച്ചി രുന്നെങ്കിൽ ഏറ്റവും പെട്ടെന്ന് മലപ്പുറം ജില്ലയിൽ അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയമുണ്ടാക്കാൻ സാധിക്കും. അതിന് മലപ്പുറം ജില്ലയിലെ എം.എൽ.എ.-മാരെ ക്രോഡീകരിപ്പിക്കാൻ സ്പോർട്സ് വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാൻ മുൻകൈ എടുക്കാമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു. അതുകഴിഞ്ഞ് നമുക്ക് വണ്ടൂർ സ്റ്റേഡിയം ആലോചിക്കാം.

ശ്രീ. പിരപ്പൻകോട് മുരളി: സർ, ദേശീയ സ്കൂൾ ഗെയിംസിൽ വരെ സ്വർണ്ണ മെഡൽ നേടിയ വിദ്യാർത്ഥിയുള്ള സ്കൂളായിരുന്നു പിരപ്പൻകോട് ഹൈസ്കൂൾ. അവിടെ നീന്തലിനുണ്ടായിരുന്ന സ്പോർട്സ് ഡിവിഷൻ അവിടെ നിന്നും എടുത്തുമാറ്റി. ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ അക്കാര്യത്തെ സംബന്ധിച്ച് നിവേദനം നൽകി; അത് പരിശോധിക്കാമെന്ന് പറയുകയും ചെയ്തു. ദയവായി ഇനിയെങ്കിലും അത് പരിശോധിച്ച് ആ ഡിവിഷൻ പുനഃസ്ഥാപിക്കാൻ വേണ്ടനടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന് നഷ്ടപ്പെട്ടത് തിരികെ തരാൻ ഗവൺമെന്റ് നടപടി സ്വീകരിക്കും.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏറ്റവും നല്ല ടീമുകളായിരുന്നു ഇതുവരെ ഉണ്ടായിരുന്നത്. ഇതിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്തായിരുന്നു? അതിന് അല്പം മങ്ങലേറ്റിരിക്കുന്ന സാഹചര്യത്തിൽ അത് കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളൊക്കെ സ്പോർട്സ് രംഗത്തുനിന്നും പുറകോട്ട് പോകുകയാണ്. ഒരു കാലത്ത് സ്പോർട്സ് രംഗത്ത് തനത് വ്യക്തിമുദ്ര പതിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഇന്ന് ഓരോന്നായി പുറകോട്ട് പോകുകയാണ്. ഇന്ന് പറയത്തക്ക ഒരു പൊതുമേഖലാ സ്ഥാപനവും കേരളത്തിൽ ഒരു ടീമെന്ന നിലയിൽ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനോ പരിരക്ഷിക്കു ന്നതിനോ തയ്യാറായിട്ടില്ല. ഞങ്ങളെല്ലാപേരും അതിന് സമ്മർദ്ദം ചെലുത്തിക്കൊണ്ടിരി ക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും, കെൽട്രോൺ അങ്ങനെ ഒരു ഫുട്ബോൾ ടീമിനെ നിറുത്തുവാൻ വേണ്ടി പാടുപെടുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുമായി പരമാവധി ബന്ധപ്പെട്ട്, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്ന് മാത്രം ഈ സന്ദർഭത്തിൽ അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ: ഇന്ന് നമ്മുടെ പല സ്കൂളുകളിലും കുട്ടികൾക്ക് പരിശീലനം നേടുന്നതിനുള്ള ഗ്രൗണ്ടുകൾ നിലവിലില്ല. ഗ്രൗണ്ടുകൾ നിർമ്മിക്കുന്നതിന് എം.എൽ.എ.-യുടെ തനത് ഫണ്ട് ഉപയോഗിക്കാൻ കഴിയുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എം.എൽ.എ.-യുടെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് ഗ്രൗണ്ടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകുമോ?

ശ്രീ. കെ. സുധാകരൻ: ഗവൺമെന്റ് സ്കൂളുകളിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുകൊണ്ട് ഗ്രൗണ്ട് ഉണ്ടാക്കുന്നതിന് തടസ്സമില്ല. സ്വകാര്യ സ്കൂളുകളിൽ മാനേജ്മെന്റിന്റെ അസറ്റായി മാറുമെന്നുള്ളതുകൊണ്ട് ഗവൺമെന്റ് കർശനമായ നടപടി നിശ്ചയിച്ചിട്ടുള്ളതാണ്. പക്ഷേ, അതും ഗവൺമെന്റ് ഇക്കുറി പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്ത ക്യാബിനറ്റിൽ എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്ന വിവിധ പ്രോജക്ടുകളെക്കുറിച്ചുള്ള നടപടിക്രമങ്ങൾ ഗവൺമെന്റ് രൂപീകരിക്കും.

ശ്രീ. ടി. യു. രാധാകൃഷ്ണൻ: കേരളത്തിൽ സ്പോർട്സ് രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് വിവിധ തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാലും പോരാതെ വരുന്ന ഈ തരത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രൈവറ്റ് മേഖലയിൽ നിന്നും ആളുകൾ കടന്നുവന്നാൽ ശ്രീമതി പി. ടി. ഉഷ ആരംഭിച്ച സ്കൂൾ പോലെയുള്ള സ്കൂളുകൾ ആരംഭിക്കുന്നതിന് പ്രൈവറ്റ് ഏജൻസികളുടെ സഹായം ഉണ്ടാക്കിക്കൊടുക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: ഗവൺമെന്റ് അതിനുവേണ്ടി പ്രത്യേക നടപടിയൊന്നും ഇതുവരെ സ്വീകരിച്ചിട്ടില്ല. പക്ഷേ, ഈ രംഗത്ത് ആര് കടന്നുവന്നാലും അവരെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റിന് തുറന്ന മനസ്സാണുള്ളത്. ശ്രീമതി പി. ടി. ഉഷയുടെ സ്പോർട്സ് സ്കൂളിനെ പരമാവധി സഹായിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. ആദ്യമായിട്ടാണ് സർക്കാർ തലത്തിൽ അതിന് ഗ്രാന്റ് കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. അതുകൊണ്ട് ഈ രംഗത്ത് കടന്നുവരുന്നത് ആരായാലും അതിനൊന്നും സർക്കാരിന് യാതൊരു തടസ്സവുമില്ല. സർക്കാരിന് എതിരഭിപ്രായമില്ല. സ്വകാര്യമായി ആര് കടന്നുവന്നാലും അവരെ പ്രോത്സാഹിപ്പിക്കാൻ യുക്തമായ നടപടി ഗവൺമെന്റ് കൈക്കൊള്ളും.

ശ്രീ. വി. ചെന്താമരാക്ഷൻ: അങ്ങ് ചോദ്യങ്ങൾക്ക് ഉത്തരം പറയുന്ന കൂട്ടത്തിൽ കേരളത്തിന്റെ ഒരു വലിയ ആഗ്രഹമാണ് ഒളിമ്പിക്സിൽ സ്വർണ്ണമെഡൽ നേടുക എന്നു പറഞ്ഞു. അന്താരാഷ്ട്ര കായികരംഗത്തു വന്നിട്ടുള്ള പുതിയ പ്രവണത സ്പോൺസർഷിപ്പാണ്. ഒളിമ്പിക്സ് മത്സരങ്ങളിൽ വിജയിക്കുന്ന വ്യക്തിഗത മെഡൽജേതാക്കൾക്ക് ഒരു കോടി രൂപയും ടീം അംഗങ്ങളാണെങ്കിൽ 10 കോടി രൂപയും സംഘടിപ്പിച്ചുകൊടുക്കുന്നതിന് ആവശ്യമായ സ്പോൺസർഷിപ്പ് ഉറപ്പാക്കുന്നതിന് ആവശ്യമായ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. കെ. സുധാകരൻ: സ്പോൺസർഷിപ്പിന്റെ എല്ലാ മേഖലയും ഞങ്ങൾ തപ്പിപരതുകയാണ്. പ്രോത്സാഹനജനകമായ അനുകൂലമായ മറുപടിയൊന്നും ഇതുവരെ കിട്ടിയിട്ടില്ല. കഴിഞ്ഞ നാഷണൽ ചാമ്പ്യൻഷിപ്പ് കഴിഞ്ഞപ്പോൾ ആ കുട്ടികൾക്ക് കൊടുക്കാനുള്ള ക്യാഷ് അവാർഡ് സ്പോൺസർ ചെയ്യാൻ പലരേയും ഞങ്ങൾ സമീപിച്ചുവെങ്കിലും അനുകൂലമായ മറുപടിയൊന്നും കിട്ടിയില്ല. കേരളം പോലെയുള്ള

സംസ്ഥാനത്ത് ഇങ്ങനെ ഒരു മൾട്ടി നാഷണൽ ഇല്ല എന്നതാണ് യാഥാർത്ഥ്യം. മറ്റ് സംസ്ഥാനങ്ങളിൽ ഡൽഹിയിലും പഞ്ചാബിലും നടക്കുന്നതുപോലെയുള്ള സ്പോൺസർഷിപ്പൊന്നും കേരളത്തിൽ നടക്കാൻ സാദ്ധ്യതയില്ല. എന്നാലും ഈ രംഗത്ത് സ്പോൺസർഷിപ്പിലൂടെ കായിക രംഗത്തിന് ഉണ്ടാക്കാൻ സാധിക്കുന്ന എല്ലാ സാഹചര്യങ്ങളും ഉപയോഗപ്പെടുത്തുമെന്ന് ഗവൺമെന്റ് ഉറപ്പുനൽകുന്നു.

ശ്രീ. കെ. മോഹൻകുമാർ: കായിക താരങ്ങളുടെ ഫിറ്റ്നസ് നിലനിർത്തുന്നതിനുവേണ്ടി വാർഷിക മത്സരങ്ങളും മറ്റു സംവിധാനങ്ങളും നിലവിലുണ്ട്. പക്ഷെ, നമ്മുടെ കോച്ചുകൾ ദേശീയനിലവാരവുമായിട്ട് പൊരുത്തപ്പെട്ട് പോകുന്നോ, അല്ലെങ്കിൽ അന്തർദ്ദേശീയ തലത്തിൽ ഉണ്ടാകുന്ന പുതിയ പ്രവണതകളുമായി അവർ യോജിച്ചു പോകുന്നോയെന്ന് പരിശോധിക്കാനും അവരുടെ ഫിറ്റ്നസ് നിലനിർത്തുന്നുണ്ടോ എന്ന് സ്ഥിരീകരിക്കാനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സ്പോർട്സ് താരങ്ങളെ ഉയർത്തിക്കൊണ്ടു വരേണ്ടത് അത്യന്താപേക്ഷിതമായ കാര്യമാണ് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഞാൻ ചോദിക്കുന്നത് കേന്ദ്ര യുവജന സ്പോർട്സ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 50 ശതമാനം കേന്ദ്ര സഹായത്തോടുകൂടിയും 50 ശതമാനം നമ്മൾ കൊടുത്തുകൊണ്ടും വൻതോതിൽ സ്റ്റേഡിയങ്ങൾക്ക് വേണ്ടി സഹായം അനുവദിക്കുന്നുണ്ട്. കേരളത്തിൽ ഇത്തരം സ്കീമുകൾ വളരെ അപൂർവ്വമായി മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളൂ. ഞാൻ പറയുന്നത് ഈ സ്കീമിനെപ്പറ്റി മന്ത്രി എം.എൽ.എ.-മാർക്ക് കത്തെഴുതി. അതുപ്രകാരം ത്രിതല പഞ്ചായത്തിന്റേയും എം. പി.-മാരുടേയും എം.എൽ.എ.-മാരുടേയും ഫണ്ട് ഉപയോഗപ്പെടുത്തി ഈ സ്കീമിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആ അപേക്ഷകൾക്ക് അനുമതി വാങ്ങുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇടപ്പെട്ട് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇക്കുറി സെൻട്രൽ ഗവൺമെന്റിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ട് മാക്സിമം ഉപയോഗിക്കാനുള്ള പ്രോജക്ടുകൾ ഞങ്ങൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുകഴിഞ്ഞിരിക്കുന്നു. എം.എൽ.എ.-മാരുടെ വികസനഫണ്ട് ഉപയോഗിച്ച് 50 ശതമാനം മാച്ചിംഗ് ഫണ്ടും മലയോര പ്രദേശത്ത് 75 ശതമാനം മാച്ചിംഗ് ഫണ്ടും ലഭ്യമാക്കാനുള്ള നടപടിയാണ്. ഒരു സംസ്ഥാനത്തിന് ഒരു വർഷം മൂന്നോ നാലോ സ്റ്റേഡിയങ്ങളല്ലാതെ സെൻട്രൽ ഗവൺമെന്റിൽ നിന്ന് കിട്ടാൻ സാദ്ധ്യതയില്ല. എന്നാലും വളരെ പ്രതീക്ഷ വച്ചുകൊണ്ട് പത്തെണ്ണമെങ്കിലും നേടിയെടുക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാന ഗവൺമെന്റ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച നടപടിക്രമങ്ങൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. പരമാവധി ഈ രംഗത്തുള്ള സഹായം സെൻട്രൽ ഗവൺമെന്റിൽ നിന്ന് വാങ്ങാൻ ഈ വർഷം ഗവൺമെന്റ് നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: എല്ലാ ദിവസവും ചോദ്യങ്ങൾ ചോദിക്കുന്നവർക്ക് അവസരം കൊടുക്കാൻ പറ്റുമോ. ചോദ്യം ചോദിക്കാത്തവർക്ക് അവസരം കൊടുക്കണ്ടേ.

ശ്രീ. എ. സുജനപാൽ: കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയനുസരിച്ച് സ്കൂൾ ഗ്രൗണ്ടുകൾ ഉണ്ടാക്കുവാനുള്ള നടപടികൾക്ക് ഗവൺമെന്റ് സഹായം നൽകുന്നുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. പല സ്കൂളുകൾക്കും പി.ടി.എ.-യുടെ സഹകരണത്തോടുകൂടി ബഹുജനപങ്കാളിത്തത്തോടുകൂടിയുള്ള ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിനു വേണ്ടി എന്തെങ്കിലും വിശദാംശങ്ങൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ. അതിന് ഗൈഡ്ലൈൻ വല്ലതും തയ്യാറാക്കിയിട്ടുണ്ടോ. ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ശ്രീ. കെ. സുധാകരൻ: ഈ കാര്യങ്ങളെക്കുറിച്ച് വിശദമായ സർക്കുലർ എല്ലാ എം.എൽ.എ.-മാർക്കും എം.പി.-മാർക്കും സംസ്ഥാന ഗവൺമെന്റ് അയച്ചിട്ടുണ്ട്. അതിൽ സ്കൂളുകൾക്കുള്ള ഗ്രൗണ്ടിന്റെ കാര്യവും വളരെ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്. അതുപ്രകാരം കിട്ടിയിരിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ആണ് 63 സ്കൂളുകൾക്കുള്ള അപേക്ഷ ഇത്തവണ സെൻട്രൽ ഗവൺമെന്റിന് ഞങ്ങൾ സമർപ്പിച്ചത്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ഗ്രൗണ്ട് നിർമ്മാണത്തെക്കുറിച്ചും പ്രോത്സാഹനത്തെപ്പറ്റിയുമാണല്ലോ പറഞ്ഞത്. പക്ഷെ, ഇന്ന് വിദ്യാലയങ്ങളിൽ വളരെക്കാലമായി ഉണ്ടായിരുന്ന കായിക അദ്ധ്യാപകൻ റിട്ടയർ ചെയ്താൽ പകരം ആളില്ല് എന്ന സ്ഥിതിയാണ്. അങ്ങനെ ഒരു vanishing species ആയിട്ട് കായിക അദ്ധ്യാപക സമൂഹം മാറിയിരിക്കുന്നു. അതുകൊണ്ട് പാഠ്യ പദ്ധതിയിൽ പരിശീലനത്തിനു. വേണ്ട അദ്ധ്യാപകനെ നിയമിക്കുന്ന കാര്യത്തെക്കുറിച്ച് സജീവമായി പരിഗണിക്കുമോ?

ശ്രീ. കെ. സുധാകരൻ: നേരത്തെ സൂചിപ്പിച്ചത് ബഹുമാനപ്പെട്ട അംഗം ശ്രദ്ധിച്ചില്ല എന്നു തോന്നുന്നു. എല്ലാ സ്കൂളുകളിലും കായിക അദ്ധ്യാപകരെ നിയമിക്കണമെന്ന് സ്പോർട്സ് വകുപ്പ് ആഗ്രഹിക്കുന്നു. ആ കാര്യം ഗവൺമെന്റിന്റെ സജീവ പരിഗനയിലാണ്. Vanishing species, Arising species ആക്കാനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളാനാണ് തീരുമാനം.

മി. സ്പീക്കർ: എല്ലാ ദിവസവും ചോദ്യം ചോദിക്കുന്ന ആളുകൾക്ക് അവസരം കൊടുക്കണമെന്ന് താല്പര്യം ഇല്ലെങ്കിലും ഒളിമ്പ്യനാണെന്ന് മന്ത്രി പറഞ്ഞ സ്ഥിതിക്ക് ശ്രീ. കെ. സി. വേണുഗോപാലിന് കൊടുക്കാതിരിക്കുന്നത് ശരിയല്ലല്ലോ.

ശ്രീ. കെ. സി. വേണുഗോപാൽ: ഞാനൊരു ഒളിമ്പ്യനല്ല, സർവ്വകലാശാലാ ടീമിൽ കളിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിലും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിലും ജിമ്മി ജോർജ്ജിനെ

LIBRARY ARCHIVES Kerala Legislative Assembly

പോലെയുള്ള അന്താരാഷ്ട്ര വോളിബോൾ താരങ്ങളും കോട്ടയം എസ്. പി. ഗോപിനാഥ് വരെ കേരളത്തിലെ ഏറ്റവും പ്രഗത്ഭനായ വോളിബോൾ താരമായിരുന്നു. അദ്ദേഹം കോട്ടയം എസ്. പി. ആകാൻ കാരണം പോലീസ് സേനയിൽ സെലക്ഷൻ കിട്ടിയതു കൊണ്ടാണ്. ഇപ്പോൾ കെ.എസ്.ഇ.ബി., കേരള പോലീസ്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഇതിലൊന്നും ഒരു ടീമിൽപ്പെട്ടവരേയും എടുക്കുന്നില്ല. സി.ഡി. പാപ്പച്ചനും ഐ.എം. വിജയനും ഒക്കെ പോലീസ് ടീമിന്റെ വാഗ്ദാനങ്ങളാണ്. നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിൽ atleast ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെങ്കിലും വോളിബോൾ, ഫുട്ബോൾ താരങ്ങളെ എടുക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: ശ്രീ. കെ. സി. വേണുഗോപാൽ യൂണിവേഴ്സിറ്റി താരം മാത്രമല്ല, എല്ലാറ്റിലും നല്ല കളിക്കാരനാണ്. അദ്ദേഹത്തിന്റെ നിർദ്ദേശം സ്വാഗതം ചെയ്യുന്നു. ഏതായാലും ഒരു കാര്യം ഫോറസ്റ്റ് വകുപ്പിൽ സ്പോർട്സ് റിസർവേഷൻ വയ്ക്കുമെന്ന് ഈ നിയമസഭയ്ക്ക് ഉറപ്പു നൽകുന്നു. മറ്റ് വകുപ്പുകളിലെ കാര്യം അതാതു മന്ത്രിമാരുമായി സംസാരിച്ച് തീരുമാനിക്കും.

വിള ഇൻഷ്വറൻസ്

*3 [790] ശ്രീ. കെ. സി. വേണുഗോപാൽ:
„ എ. കെ. മണി:
„ ടി. യു. രാധാകൃഷ്ണൻ:
„ വർക്കല കഹാർ:
„ ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് ഏതെല്ലാം വിളകൾക്കാണ് ഏർപ്പെടുത്തിയിരുന്നത്;

(ബി) ഇപ്രകാരം ഇൻഷ്വറൻസിന് പ്രീമിയം അടച്ചുകൊണ്ടിരുന്നത് ആരാണ്;

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ഡി) ഇത് നിർത്തലാക്കിയിട്ടുള്ള പക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത പദ്ധതി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly